പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1546 | 05-02-2019-ലെ മറുപടിയ്ക്ക്

## കാർഷിക കടങ്ങൾക്ക് പ്രഖ്യാപിച്ച മൊറോട്ടോറിയം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** |
| (എ) | കാർഷിക കടങ്ങൾക്ക് പ്രഖ്യാപിച്ച മൊറോട്ടോറിയം പ്രളയത്തിൽ കനത്ത നാശം നേരിട്ട കർഷകർക്ക് ആശ്വാസകരമല്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പ്രളയാനന്തരം, ദുരിതം അനുഭവിക്കുന്ന കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വിവിധ തരം വായ്പകളുടെ ജപ്തി നടപടികൾക്ക് 12.10.2018-ലെ സ.ഉ.(എം.എസ്.) നം. 367/2018/റവ ഉത്തരവ് പ്രകാരം ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചത് ആശ്വാസ നടപടിയായി കരുതുന്നു. |
| (ബി) | പ്രളയത്തിന് ശേഷം കടബാധ്യത കാരണം കർഷകർ ആത്മഹത്യ ചെയ്യുന്ന സ്ഥിതിവിശേഷം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (ബി) | പ്രളയത്തിന് ശേഷം കടബാധ്യത കാരണം കർഷക ആത്മഹത്യ ഒന്നും തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| (സി) | പുതുനഗരം കരിപ്പോട് പ്രദീപ് എന്ന കർഷകൻ ജപ്തി നടപടികളുടെ ഭാഗമായുള്ള മാനസിക പ്രയാസം കൊണ്ട് ആത്മഹത്യ ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കർഷകന്റെ ആശ്രിതർക്ക് എന്ത് സഹായമാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ; | (സി) | പുതുനഗരം കരിപ്പോട് പ്രദീപിന്റെ ആത്മഹത്യ ജപ്തി നടപടികളുടെ ഭാഗമായുള്ള മാനസിക പ്രയാസം കൊണ്ടാണെന്ന് റിപ്പോർട്ട് ചെയ്തിട്ടില്ല. ടിയാന്റെ പേരിൽ കൃഷി ഭൂമി ഇല്ലായെന്ന് പുതുനഗരം കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. |
| (ഡി) | കാർഷിക കടം എഴുതി തള്ളുന്ന കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ? | (ഡി) | ജസ്റ്റിസ് (റിട്ട.) ശ്രീ. ശശിധരൻ നമ്പ്യാർ ചെയർമാനായി കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ പുന:സംഘടിപ്പിച്ചിട്ടുണ്ട്. വയനാട് ജില്ല ഒഴികെയുള്ള ജില്ലകളിൽ 31.10.2011 വരെയും, വയനാട് ജില്ലയിൽ 31.03.2014 വരെയും വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്ത് കുടിശ്ശികയായിട്ടുള്ള |

| | | | |
|---|---|---|---|
| | | | കർഷകർക്ക് കടാശ്വാസത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 2019 ഫെബ്രുവരി 28 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ